# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ആര്യാട് ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/ബി.പി-1155/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 08/11/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആര്യാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(എയിംസ് മുഖേന)
2) ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്,ആലപ്പുഴ
3) ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ-എ.എൽ.പി/ബി.പി-1155/2023 തീയ്യതി: 08/11/2023

## ആലപ്പുഴ ജില്ലയിലെ ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 03-01-2023 മുതൽ 31-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിജയകുമാർ എസ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 16-08-2023 | 22-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-08-2023 | 22-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.എൻ. വിജയകുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.പുഷ്പരാജ് വി.കെ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി പ്രീത, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.കെ.ഡി.മഹീന്ദ്രൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. രജിത്.ആർ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ ജയന്തി സി | മെഡിക്കൽ ഓഫീസർ. (സി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഷീല ദേവസ്യ | ശിശു വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ബിനേഷ് കെ | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ബിന്ദു വി എൻ | വ്യവസായ വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| സുനിത പി പി | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ജ്യൂലി ലൂക്ക് | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 01-04-2022 | 31-03-2023 |
| പ്രതിഭ എം റ്റി | മെഡിക്കൽ ഓഫീസർ. (റൂറൽ ഹെൽത്ത് ട്രെയ്നിംഗ് സെന്റർ,ചെട്ടിക്കാട് | 01-04-2022 | 31-10-2022 |
| ഗായത്രി എൽ കെ | മെഡിക്കൽ ഓഫീസർ. (റൂറൽ ഹെൽത്ത് ട്രെയ്നിംഗ് സെന്റർ,ചെട്ടിക്കാട് | 01-11-2022 | 31-03-2023 |
| ദിഷ മണിയൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഗാഥാ വേണുഗോപാൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല | 1-1-2 |
| 4 | വാർഷിക കണക്കുകളിലെ തുകകൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | വാർഷിക കണക്ക് ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിക്കുന്നില്ല | 1-1-5 |
| 7 | ശരിയായ ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തിയില്ല | 1-1-6 |
| 8 | ആസ്തി രേഖപ്പെടുത്തിയില്ല | 1-1-7 |
| 9 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേയ്ക്ക് തുകകൾ മാറ്റുന്നില്ല | 1-1-8 |
| 10 | അക്യുമുലേറ്റഡ് ഡിപ്രീസിയേഷൻ തുക അതുമായി ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനേക്കാൾ അധികമാണ് | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 13 | ഗ്രാന്റ് വിനിയോഗം (എ.സി.ആർ പ്രകാരം) | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമ പദ്ധതികൾ | 1-7 |
| 17 | ക്യാഷ് പരിശോധന | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 19 | ഇ-ടെണ്ടർ ഫീസ് - തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല | 1-10 |
| 20 | ബാങ്ക് അക്കൗണ്ട് നിർജ്ജീവമായി തുടരുന്നതു മൂലം ധനനഷ്ടം | 1-11 |
| 21 | ലൈഫ് ഭവന പദ്ധതി ജനറൽ - ഗ്രാമ പഞ്ചായത്തുകൾക്കുള്ള വിഹിതം -വിനിയോഗ വിവരം ലഭ്യമല്ല | 1-12 |
| 22 | സർക്കാർ എയ്ഡഡ് സ്കൂളുകളിൽ കളക്ടേഴ്സ് അറ്റ് സ്കൂൾ - അധിക തുക നല്കി | 1-13 |
| 23 | വാടക കുടിശ്ശികയിന്മേൽ പിഴ ഈടാക്കിയിട്ടില്ല | 1-14 |
| 24 | വാടക വരവ്-സാംഖ്യ രസീതിന് പകരം മാനുവൽ രസീത് നൽകുന്നു | 1-15 |

| | | |
|---|---|---|
| 25 | വിൻഡോ പരസ്യം - സർക്കാർ നിർദ്ദേശം പാലിക്കാത്തത് മൂലം അധിക ചെലവ് | 1-16 |
| 26 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-17 |
| 27 | കളമ്പ് കാട് മടയാൻതോട് കാന നിർമ്മാണം, ആര്യാട് ഗ്രാമ പഞ്ചായത്ത് - കരാറുകാരന് അധിക തുക നൽകി | 1-18 |
| 28 | പെരുംതുരുത്ത് പാടശേഖരത്തിന് പെട്ടിയും പറയും വാങ്ങി നൽകൽ - ചെലവു രേഖകൾ ഹാജരാക്കിയില്ല | 1-19 |
| 29 | ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ സബ്സിഡി തുക ലഭിച്ചില്ല | 1-20 |
| 30 | ബയോമെട്രിക് പഞ്ചിംഗ് മെഷീൻ-സുലേഖ ചെലവ് പത്രികയിൽ ചെലവ് ഉൾപ്പെട്ടില്ല | 1-21 |
| 31 | യഥാസമയം കരാർ ചമയ്ക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയില്ല | 1-22 |
| 32 | കുറുവൻപറമ്പ് കൊച്ചനാകുളങ്ങര കാന നിർമ്മാണം - കാലതാമസത്തിന് കോമ്പൻസേഷൻ ഈടാക്കിയില്ല | 1-23 |
| 33 | സ്മാർട്ട് അങ്കണവാടി നിർമ്മാണം - യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമായില്ല | 1-24 |
| 34 | എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി- നിർമ്മാണം പൂർത്തീകരിച്ചില്ല | 1-25 |
| 35 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ -പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായില്ല | 1-26 |
| 36 | തുല്യത പഠിതാക്കൾക്ക് ഫീസ് - ചെലവു രേഖകൾ ഹാജരാക്കിയില്ല | 1-27 |
| 37 | ബയോമെട്രിക് പഞ്ചിംഗ് മെഷീൻ- കെൽട്രോണിൽ നിന്നും ലഭ്യമായില്ല | 1-28 |
| 38 | മരുന്നുകൾ പൂർണമായും ലഭ്യമായില്ല | 1-29 |
| 39 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് ദൈനംദിന ചെലവുകൾ – തെറ്റായി ക്രെഡിറ്റ് ചെയ്ത തുകയുടെ തിരിച്ചടവ് വിവരം ലഭ്യമാക്കിയില്ല | 1-30 |
| | ഭാഗം **2** | |
| 1 | യഥാസമയം കരാർ ചമയ്ക്കാതിരുന്ന കാരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല | 2-1 |
| | ഭാഗം **3** | |
| 1 | കളമ്പ് കാട് മടയാൻതോട് കാന നിർമ്മാണം, ആര്യാട് ഗ്രാമ പഞ്ചായത്ത് - കരാറുകാരന് അധിക തുക നൽകി | 3-1 |
| 2 | കുറുവൻപറമ്പ് കൊച്ചനാകുളങ്ങര കാന നിർമ്മാണം – കാലതാമസത്തിന് കോമ്പൻസേഷൻ ഈടാക്കിയില്ല | 3-2 |
| 3 | വിൻഡോ പരസ്യം - സർക്കാർ നിർദ്ദേശം പാലിക്കാത്തത് മൂലം അധിക ചെലവ് | 3-3 |
| 4 | സർക്കാർ എയ്ഡഡ് സ്കൂളുകളിൽ കളക്ടേഴ്സ് അറ്റ് സ്കൂൾ - അധിക തുക നല്കി | 3-4 |

| ഭാഗം **4** | | |
|---|---|---|
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 11.07.2023-ലെ 1(4) നമ്പർ കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 16/08/2023 തീയതിയിൽ (29.07.2023-ൽ സമർപ്പിച്ച വാർഷിക ധനകാര്യ പത്രിക ന്യൂനതകൾ ഉണ്ടായിരുന്നതിനാൽ മടക്കി നല്കിയിരുന്നു) പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ആലപ്പുഴ
08.11.2023

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള താഴെചേർക്കുന്ന പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

1) റേഷ്യോസ്

2) അക്കൗണ്ടിന്മേലുള്ള സെക്രട്ടറിയുടെ കുറിപ്പുകൾ

1-1-2 ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ 2022-23-ലെ ആകെ ക്യാഷ് ഫ്ലോയും [(-)2862970 രൂപ] പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും [(-)2807889/-രൂപ] തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 വാർഷിക കണക്കുകളിലെ തുകകൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

1.റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-31 പ്രകാരം Development Fund CFC Grant Untied ഇനത്തിലുള്ള വരവ് 4665705/-രൂപയാണ്. എന്നാൽ യഥാർത്ഥ വരവ് 4691625/-രൂപയാണ് (എ.സി.ആർ പ്രകാരം ഈയിനത്തിൽ 2022-23-ൽ ലഭിച്ച അലോട്ട്മെന്റ് 4471000/-രൂപയും പലിശയിനത്തിൽ ലഭിച്ച 220625/-രൂപയും).
2022-23 ഏപ്രിൽ മാസം ലഭിച്ച പലിശ മുൻവർഷം (2021-22) വരവിൽ കാണിച്ചതും, 2022-23-ൽ ഒരു ഗുണഭോക്താവ് തിരികെ തുക ഒടുക്കിയതുമാണ് ഈ വ്യത്യാസത്തിനു കാരണമെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1 തീയതി 17.08.2023) മറുപടി നല്കി.

2.ഇൻകം & എക്സ്പെൻറീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകാരം Development Fund CFC Grant Untied ഇനത്തിൽ ചെലവിനായുള്ള വരവ് 2744164/-രൂപയെന്ന് കാണുന്നു. എന്നാൽ എ.സി.ആർ പ്രകാരം ഈയിനത്തിലുള്ള ആകെ ചെലവ് 2744093/-രൂപയാണ്.
ബാങ്ക് ചാർജ് ഇനത്തിൽ 71/-രൂപ അക്കൌണ്ടിൽ നിന്നും ഈടാക്കിയതാണ് ഈ വ്യത്യാസത്തിനു കാരണമെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1 തീയതി 17.08.2023) മറുപടി നല്കി.
ഇപ്രകാരമുള്ള വ്യത്യാസങ്ങൾക്ക് കുറിപ്പ് തയ്യാറാക്കി വെയ്ക്കേണ്ടതാണ്.

1-1-4 വാർഷിക കണക്ക് ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

ഇൻകം & എക്സ്പെൻറീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-3 പ്രകാരം Rent From Buildings എന്നയിനത്തിൽ 77000/-രൂപ മാത്രമാണ് ഡിമാന്റ് കാണിച്ചിട്ടുള്ളത്. എന്നാൽ റസീപ്റ്റ് & പേയ്മെന്റ് ഷെഡ്യൂൾ RP-43 പ്രകാരം Rent Receivables From Buildings(Current) എന്നയിനത്തിൽ 84000/- രൂപ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രതിമാസം 7000/- രൂപ നിരക്കിൽ വാടകയ്ക്ക് നല്കിയിട്ടുള്ള കെട്ടിടത്തിന് 12 മാസത്തേയ്ക്ക് 84000/- രൂപ ഡിമാന്റ് രേഖപ്പെടുത്തേണ്ടതായിരുന്നു.
ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിയ്ക്ക് (നം.1/17.08.2023) ഹെഡ് കോഡ് തെറ്റായി സെലക്ട് ചെയ്തതു മൂലം സംഭവിച്ച ക്ലറിക്കൽ മിസ്റ്റേക്കാണെന്ന് മറുപടി നല്കി. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-1-5 ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിക്കുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഈയിനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

1-1-6 ശരിയായ ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തിയില്ല

1. 2022-23 - ൽ രണ്ട് പദ്ധതികളുടെ നിർവഹണത്തിനായി ആകെ 4033000/-രൂപ കേരള വാട്ടർ അതോറിറ്റിയിലേയ്ക്ക് നിക്ഷേപിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുമില്ല. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരം Advance To Implimenting Agencies Deposit With Kerala Water Authority എന്നയിനത്തിൽ 3773400/-രൂപ മാത്രമാണ് ആസ്തിയായി രേഖപ്പെടുത്തിയിട്ടുള്ളത്. ശരിയായ ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്താത്തതാണ് ഇതിന് കാരണം.

## 1-1-7 ആസ്തി രേഖപ്പെടുത്തിയില്ല

2022-23-ൽ 1271362/-രൂപ മുടക്കി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടിന് പുതിയ വാഹനം വാങ്ങിയിട്ടുണ്ടെങ്കിലും ആയത് പഞ്ചായത്തിന്റെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11-ൽ ആസ്തിയായി ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-8 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേയ്ക്ക് തുകകൾ മാറ്റുന്നില്ല

2022-23-ൽ വിവിധ ഫണ്ടുകളിൽ നിന്നും ആസ്തി സൃഷ്ടിക്കുന്നതിനായി വിനിയോഗിച്ച തുകകൾ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

## 1-1-9 അക്യുമുലേറ്റഡ് ഡിപ്രീസിയേഷൻ തുക അതുമായി ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനേക്കാൾ അധികമാണ്

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11 പ്രകാരമുള്ള Buildings എന്നയിനത്തിന്റെ അക്യുമുലേറ്റഡ് ഡിപ്രീസിയേഷൻ തുക അതുമായി ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനേക്കാൾ അധികമാണ്.

## 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 24.03.2022 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 84311912 | 83767254 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | 59248573 | 58435283 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 9114044 |
| വരവ് | 60272272 |
| ആകെ | 69386316 |
| ചെലവ് | 63080161 |
| നീക്കിയിരിപ്പ് | 6306155 |

## 1-4 ഗ്രാന്റ് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് വരവ് | ആകെ വരവ് | ആകെ ചെലവ് | നീക്കിബാക്കി |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 24652500 | 24652500 | 24351114.00 | 301386.00 (ലാപ്സായി) |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് (എസ്.സി.പി) | 0 | 5576834 | 5576834 | 4849743.00 | 727091.00 (ലാപ്സായി) |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 168834 | 168834 | 125000.00 | 43834.00 (ലാപ്സായി) |
| മെയിന്റനൻസ് ഫണ്ട് -റോഡ് | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഫണ്ട് - നോൺ റോഡ് | 0 | 6611000 | 6611000 | 5059555.00 | 1551445.00 (ലാപ്സായി) |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-untied-Treasury A/C | 0 | 0 | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-untied-Bank A/C | 131635 | 4665705 (Interest-187580+Refund 7125) | 4797340 | 2744164 | 2053176 (നീക്കിയിരിപ്പ്) |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied-Treasury A/C | 0 | 498467.00 | 498467.00 | 498467.00 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied-Bank A/C | 4670233 | 6707000 | 11377233 | 8979606 | 2,397,627 (നീക്കിയിരിപ്പ്) |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 92 | 85794421 | 78 | 53600152 | | 14 | 84.78 |

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവുകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.08.2023 തീയതിയിൽ 03:50 P.M സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരുപ്പില്ല.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ ചേർക്കുന്ന അപാകതകൾ ഉണ്ട്.

1. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2. പഞ്ചായത്തിലെ ഇലക്ട്രോണിക് ഉപകരണങ്ങളുടേയും, മറ്റ് സാമഗ്രികളുടേയും സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി വാർഷിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

3.ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി എല്ലാ വർഷങ്ങളിലും ഭീമമായ തുകകൾ വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്യുന്നുണ്ടെങ്കിലും പദ്ധതികളുടെ യഥാസമയത്തുള്ള പൂർത്തീകരണം ഉറപ്പാക്കുന്നില്ല.

4.കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

5. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കുന്നില്ല.

6. മരാമത്ത് പ്രവൃത്തികളുടെ യഥാസമയത്തുള്ള പൂർത്തീകരണം ഉറപ്പാക്കുന്നില്ല. പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകുന്നതുമായി ബന്ധപ്പെട്ട് നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 ഇ-ടെണ്ടർ ഫീസ് - തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല

ഇ-ടെണ്ടർ മുഖേനയുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തുക ക്രെഡിറ്റ് ചെയ്യുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ കലവൂർ ശാഖയിൽ കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട് (നം. 37762482904). 27.03.23 ൽ പ്രസ്തുത അക്കൗണ്ടിൽ 323732/-രൂപ നീക്കിയിരുപ്പുണ്ട്. എന്നാൽ ടി തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മാറ്റിയിട്ടില്ല. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ടി അക്കൗണ്ടിൽ മറ്റ് ഇടപാടുകളും നടത്തിയിട്ടുണ്ട്. ആയത് ഒഴിവാക്കി പ്രസ്തുത അക്കൗണ്ടിലൂടെ ഇ ടെണ്ടർ ഇടപാടുകൾ മാത്രം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. ടി അക്കൗണ്ടിൽ വരവുള്ള തുകകളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നീക്കിയിരുപ്പ് തുകയുടെ കൃത്യത വ്യക്തമല്ല. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ വരവ് വന്നിട്ടുള്ള ടെണ്ടർ ഫീസ് തുകയുടെ കൃത്യത പ്രതിമാസ/പ്രതിവർഷ കളക്ഷൻ റിപ്പോർട്ടുമായി പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.

ബാങ്ക് ചാർജ്ജസ് എന്ന് രേഖപ്പെടുത്തി ടി അക്കൗണ്ടിൽ നിന്നും ബാങ്ക് തുക ഈടാക്കിയിട്ടുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശ പ്രകാരം ആരംഭിച്ചിട്ടുള്ള അക്കൗണ്ടുകളിൽ നിന്നും ഇത്തരത്തിലുള്ള തുകകൾ ഈടാക്കാവുന്നതല്ല. ടി തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ടി തുക ഉൾപ്പെടെയുള്ള നീക്കിയിരുപ്പ് തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതുമാണ്.

പ്രസ്തുത ബാങ്ക് അക്കൗണ്ടിൽ ഇ-ടെണ്ടർ തുക ക്രെഡിറ്റ് ആകുന്നതിന് മുമ്പുള്ള കാലയളവിലെ ഇ-ടെണ്ടർ ഫീ ഇനത്തിലുള്ള തുക എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ടി തുക തിരികെ ലഭ്യമാക്കിയിട്ടുള്ളതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2/17.08.23) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റ് പരാമർശത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം യഥാസമയം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-11 ബാങ്ക് അക്കൗണ്ട് നിർജ്ജീവമായി തുടരുന്നതു മൂലം ധനനഷ്ടം

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ, കലവൂർ ശാഖയിലുള്ള ബാങ്ക് അക്കൗണ്ടിൽ (എസ്.ബി - 38092413215) 01.04.2022 ന ശേഷം പണമിടപാടുകൾ നടന്നിട്ടില്ല (ഓഡിറ്റ് വർഷത്തെ സ്റ്റേറ്റ്മെന്റ് മാത്രമാണ് ഹാജരാക്കിയത്). പ്രസ്തുത തീയതിയിൽ ഈ അക്കൗണ്ടിൽ 3808.50 രൂപ നീക്കിയിരുപ്പുണ്ടായിരുന്നു. എന്നാൽ മിനിമം ബാലൻസ് ചാർജ്ജ് എന്ന് രേഖപ്പെടുത്തി ടി തുക പൂർണ്ണമായും ബാങ്ക് 31.10.22 വരെയുള്ള കാലയളവിൽ ഈടാക്കി. പ്രസ്തുത അക്കൗണ്ടിന്റെ ആവശ്യകത വ്യക്തമാക്കുവാനും, ആയത് സർക്കാർ നിർദ്ദേശ പ്രകാരം ആരംഭിച്ച അക്കൗണ്ടാണെങ്കിൽ ടി തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും, അക്കൗണ്ടിന്റെ മുൻ വർഷത്തെ സ്റ്റേറ്റ്മെന്റ് ഓഡിറ്റിൽ ഹാജരാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2/17.08.23) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, പ്രസ്തുത അക്കൗണ്ട് ഉപയോഗിക്കാത്ത പക്ഷം ആയത് റദ്ദ് ചെയ്ത് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതുമാണ്.

1-12 ലൈഫ് ഭവന പദ്ധതി ജനറൽ - ഗ്രാമ പഞ്ചായത്തുകൾക്കുള്ള വിഹിതം -വിനിയോഗ വിവരം ലഭ്യമല്ല

പ്രോജക്ട് നമ്പർ – S0039/23

പ്രോജക്ടിന്റെ പേര് – ലൈഫ് ഭവന പദ്ധതി ജനറൽ – ഗ്രാമ പഞ്ചായത്തുകൾക്കുള്ള വിഹിതം

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

അടങ്കൽ -4746680 രൂപ (വികസന ഫണ്ട്-ജനറൽ)

ചെലവ് - 4035400 രൂപ

(1.ബിൽ റഫറൻസ് നം.22060163014700923364 തീയതി 27.12.2022)

ലൈഫ് ഭവന പദ്ധതി ജനറൽ - ഗ്രാമ പഞ്ചായത്തുകൾക്കുള്ള വിഹിതം എന്ന പദ്ധതി പ്രകാരം വിവിധ ഗ്രാമ പഞ്ചായത്തുകൾക്കായി 4035400/- രൂപ 2022-23-ൽ നല്കിയിട്ടുണ്ടെങ്കിലും ആയതിന്റെ വിനിയോഗ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഏതൊക്കെ ഗ്രാമ പഞ്ചായത്തുകൾക്ക് എത്ര തുക വെച്ചാണ് നല്കിയതെന്ന വിവരവും ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10 തീയതി 22.08.2023) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 4035400/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ രേഖകൾ ഓഡിറ്റിൽ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-13 സർക്കാർ എയ്ഡഡ് സ്കൂളുകളിൽ കളക്ടേഴ്സ് അറ്റ് സ്കൂൾ - അധിക തുക നല്കി

പ്രോജക്ട് നമ്പർ – S0027/23

പ്രോജക്ടിന്റെ പേര് – സർക്കാർ എയ്ഡഡ് സ്കൂളുകളിൽ കളക്ടേഴ്സ് അറ്റ് സ്കൂൾ

നിർവഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

അടങ്കൽ – രൂ. 400000/- (വികസന ഫണ്ട്-ജനറൽ)

ചെലവ് - രൂ. 308448/-

(1.ചെക്ക് നം.010624 തീയതി 23.05.2022)

സർക്കാർ എയ്ഡഡ് സ്കൂളുകളിൽ കളക്ടേഴ്സ് അറ്റ് സ്കൂൾ എന്ന പദ്ധതി പ്രകാരം സ്കൂളുകളിൽ വേസ്റ്റ് ബിന്നുകൾ സ്ഥാപിച്ചതിന് അഫ്സൽ മെറ്റൽസ് എന്ന സ്ഥാപനത്തിന് ആകെ 308448/- രൂപ നല്കിയിട്ടുണ്ട്. 32 ചെറിയ ബിന്നുകളും (3762/- രൂപ നിരക്കിൽ) 32 വലിയ ബിന്നുകളും (5877/- രൂപ നിരക്കിൽ) സ്ഥാപിച്ച് നല്കിയതിനാണ് ഈ തുക നല്കിയിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ വിതരണ രജിസ്റ്റർ പ്രകാരം ആകെ 60 ബിന്നുകൾ (വലുത് – 32, ചെറുത് – 28) മാത്രമാണ് സ്കൂളുകളിൽ സ്ഥാപിച്ചിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു.

| ക്രമ നം. | സ്കൂളിന്റെ പേര് | കൈപ്പറ്റിയ ബിന്നുകളുടെ എണ്ണം |
|---|---|---|

| | | വലുത് | ചെറുത് | ആകെ |
|---|---|---|---|---|
| 1 | ജി.യു.പി.എസ്, ആര്യാട് നോർത്ത് | 4 | - | 4 |
| 2 | ജി.യു.പി.എസ്, തമ്പകച്ചുവട് | - | 4 | 4 |
| 3 | ലൂതറൻ ഹയർ സെക്കണ്ടറി സ്കൂൾ, ആര്യാട് സൌത്ത് | 4 | - | 4 |
| 4 | ഗവ.വി.വി.എസ്.ഡി.എൽ.പി.എസ്, ആര്യാട് | 4 | - | 4 |
| 5 | എസ്.സി.എം.വി.ജി.യു.പി സ്കൂൾ, ചെട്ടികാട് | 4 | - | 4 |
| 6 | ജി.എച്ച്.എസ് മണ്ണഞ്ചേരി | 4 | - | 4 |
| 7 | പൊന്നാട് എൽ.പി.എസ് | - | 4 | 4 |
| 8 | ആസാദ് മെമ്മോറിയൽ എൽ.പി.എസ്, കായിപ്പുറം | - | 4 | 4 |
| 9 | സി.എം.എസ്.എൽ.പി.എസ്, കായിപ്പുറം | - | 4 | 4 |
| 10 | എ.ബി വിലാസം ഹയർ സെക്കന്ററി സ്കൂൾ | 4 | - | 4 |
| 11 | വി.വി.എസ്.ഡി.യു.പി.എസ്, പാതിരപ്പള്ളി | 4 | - | 4 |
| 12 | കാവുങ്കൽ പഞ്ചായത്ത് എൽ,പി.സ്കൂൾ | - | 4 | 4 |
| 13 | കെ.പി.എം.യു.പി.എസ്, മുഹമ്മ | 4 | - | 4 |
| 14 | ഗവ.എൽ.പി.എസ് മുഹമ്മ | - | 4 | 4 |
| 15 | റ്റി.എം.പി.എൽ.പി.എസ്, കലവൂർ | - | 4 | 4 |
| | ആകെ | 32 | 28 | 60 |

ആകെ 60 ബിന്നുകൾ സ്ഥാപിച്ചതിന് 64 ബിന്നുകളുടെ വില നല്കിയതിന്റെ കാരണം അന്വേഷിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10 തീയതി 22.08.2023) മറുപടി ലഭ്യമാക്കിയില്ല. സ്കൂളുകളിൽ സ്ഥാപിക്കാത്ത 4 ബിന്നുകളുടെ വിലയിനത്തിൽ നല്കിയ 4x3762 = 15048/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

1-14 വാടക കുടിശ്ശികയിന്മേൽ പിഴ ഈടാക്കിയിട്ടില്ല

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ Rural Self Employment Training Institutes (RSETI) നടത്തുന്നതിന് വേണ്ടി ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾ (ബിൽഡിംഗ് നം.XXII/575 & XXII/572) എസ്.ബി.റ്റി. യ്ക്ക് വാടകയ്ക്ക് നല്കിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ 07.07.2020 ലെ 2(3) തീരുമാന പ്രകാരം കരാർ കാലാവധി 08.02.2020 ൽ അവസാനിച്ചിട്ടുള്ള സാഹചര്യത്തിൽ മറ്റ് കരാർ വ്യവസ്ഥകൾക്ക് മാറ്റമില്ലാതെ പ്രതിമാസം 7000/-രൂപ നിരക്കിൽ വാടക പുനർ നിശ്ചയിച്ച് കുടിശ്ശിക ഉൾപ്പടെ പുതുക്കിയ നിരക്കിലുള്ള വാടക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശിച്ച് തീരുമാനിച്ചിരുന്നു. ആയതു പ്രകാരം 2/2020 മുതൽ 5/2022 വരെയുള്ള വാടകയായ 196000/- രൂപ 20.5.2022 ൽ ലഭിച്ചിട്ടുണ്ടെങ്കിലും പിഴ ഈടാക്കിയിട്ടില്ല. പ്രതിമാസം 7000/- രൂപ നിരക്കിൽ ലഭിക്കേണ്ടിയിരുന്ന വാടക 28 മാസങ്ങൾക്കുശേഷമാണ് ലഭിച്ചിരിക്കുന്നത്. 20.05.2022 ൽ കരാർ പുതുക്കിയിട്ടുണ്ട്. അതിന് ശേഷം 6/2022 മുതൽ 6/2023 വരെയുള്ള വാടക 91000/- രൂപ ലഭിച്ചിട്ടുണ്ട്. എന്നാൽ ടി കാലയളവിലും വൈകി ലഭിച്ച മാസങ്ങളിലെ വാടകയ്ക്ക് പിഴ ഈടാക്കിയിട്ടില്ല.

വാടക കുടിശ്ശിക പിഴ സഹിതം ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.-3/19.08.23) മറുപടി ലഭ്യമാക്കിയില്ല. വാടക കുടിശ്ശികയിന്മേലുള്ള പിഴ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-15 വാടക വരവ്-സാംഖ്യ രസീതിന് പകരം മാനവൽ രസീത് നൽകുന്നു

ബ്ലോക്ക് പഞ്ചായത്തിൽ ലഭിക്കുന്ന വരവുകൾക്ക് 2022-23 സാമ്പത്തികവർഷത്തിൽ സാംഖ്യ രസീത് നൽകാതെ മാനവൽ രസീത് മാത്രം നൽകുന്നു. ഉദാ:-ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ Rural Self Employment Training Institutes (RSETI)ന്റെ 6/2022 മുതൽ 6/2023 വരെയുള്ള വാടക ഇനത്തിൽ ലഭിച്ച 91000/- രൂപയ്ക്ക് സാംഖ്യ രസീത് നൽകാതെ മാനവൽ രസീത് നൽകി. സാംഖ്യ രസീതുകൾ സ്റ്റോക്കിലുണ്ടെങ്കിലും സാംഖ്യ രസീത് നൽകാതിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (4/19.08.23) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. എല്ലാ വരവുകൾക്കും സാംഖ്യ രസീത് നല്കേണ്ടതാണ്.

1-16 വിൻഡോ പരസ്യം - സർക്കാർ നിർദ്ദേശം പാലിക്കാത്തത് മൂലം അധിക ചെലവ്

സ.ഉ(അ)/01/04/ഐ.ആൻഡ്.പി.ആർ തീയതി 01-01-2004 ഉത്തരവിലൂടെ വിൻഡോ മാതൃകയിൽ നൽകുന്ന പരസ്യങ്ങൾ (8cmx3cm)=24cm$^2$ വലിപ്പത്തിൽ ആയിരിക്കണം എന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ പത്ര പരസ്യം നൽകിയപ്പോൾ പ്രസ്തുത നിർദ്ദേശം പാലിക്കപ്പെടാത്തത് കാരണം പരസ്യം പ്രസിദ്ധീകരിച്ച ഇനത്തിൽ 3209/- രൂപയുടെ അധികച്ചെലവുണ്ടായിട്ടുണ്ട്. വിശദ വിവരത്തിന് ഖണ്ഡിക 3-3 കാണുക.

1-17 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S0047/23 |
| പ്രോജക്ടിന്റെ പേര് | നെൽകൃഷി വികസനം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ |
| അടങ്കൽ തുക | ₹750000/- (വികസന ഫണ്ട്) |
| ചെലവ് തുക | ₹674250 (B.R No. 2003815601220007)<br>₹75000 (B.R No. 2003815601220022) |

ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള കർഷകർക്ക് ഗ്രാമപഞ്ചായത്തുകളുടെ റിക്വസിഷൻ ലഭിക്കുന്നതു പ്രകാരം നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി നൽകുവാനുദ്ദേശിച്ച ഈ പദ്ധതിയിൽപ്പെടുത്തി താഴെചേർക്കും പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകിയിട്ടുണ്ട്.

1. മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് -599250/-

2. മുഹമ്മ ഗ്രാമപഞ്ചായത്ത് -75000/-

മേൽ സൂചിപ്പിച്ചവയിൽ രണ്ട് ഗ്രാമപഞ്ചായത്തിനു നൽകിയ 674250/- രൂപ പൂർണ്ണമായി വിനിയോഗിച്ചതിന്റെ ധനവിനിയോഗസാക്ഷ്യപത്രവും തുക കർഷകരുടെ അക്കൌണ്ടിലേക്ക് നൽകിയതിന്റെ വിവരവും പരിശോധനയ്ക്ക് ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.13/22.8.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ 674250/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-18 കളമ്പ് കാട് മടയാൻതോട് കാന നിർമ്മാണം, ആര്യാട് ഗ്രാമ പഞ്ചായത്ത് - കരാറുകാരന്

അധിക തുക നൽകി

ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിലുൾപ്പെട്ടതും, സ്പിൽ ഓവറായി 22-23 വർഷത്തിൽ പൂർത്തിയാക്കിയിട്ടുള്ളതുമായ കളമ്പ് കാട് മടയാൻതോട് കാന നിർമ്മാണം, (ആര്യാട് ഗ്രാമ പഞ്ചായത്ത്) എന്ന പദ്ധതിയുടെ ഫൈനൽ ബിൽ (3rd & Final Bill) തയ്യാറാക്കി കരാറുകാരന് തുക നൽകിയ സാഹചര്യത്തിൽ ജി.എസ്.ടി ഇനത്തിൽ നൽകേണ്ട തുക കൂടി ക്രമ വിരുദ്ധമായി കരാറുകാരന് നൽകിയത് മൂലം 17072/- രൂപയുടെ അധിക ചെലവുണ്ടായി. വിശദ വിവരം ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-19 പെരുംതുരുത്ത് പാടശേഖരത്തിന് പെട്ടിയും പറയും വാങ്ങി നൽകൽ - ചെലവു രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0051/23 |
| പ്രോജക്റ്റിന്റെ പേര് | പെരുംതുരുത്ത് പാടശേഖരത്തിന് പെട്ടിപറ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ |
| അടങ്കൽ തുക | ₹783500 /- (വികസന ഫണ്ട്) |
| ചെലവ് തുക | ₹(783500/- B.R No. 2003815601220019) (വികസനഫണ്ട്) |

2022-23 വർഷം കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പാക്കിയ പെട്ടിയും പറയും പ്രോജക്റ്റ് പ്രകാരം 783500/- രൂപ ചെലവു ചെയ്ത് മുഹമ്മ പെരുംതുരുത്ത് പാടശേഖരസമിതിക്ക് പെട്ടിയും പറയും വാങ്ങി നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ (AA) 20.03.2004 ലെ 56414/DP1/03 നമ്പർ സർക്കുലർ പ്രകാരം കാർഷിക ഉപകരണങ്ങൾ ടെണ്ടർ കൂടാതെ റെയ്ഡ്കോയിൽ നിന്നും വാങ്ങാവുന്നതാണ്. ഇത് പ്രകാരമാണ് ബ്ലോക്ക് പഞ്ചായത്തിലെ മേൽ പാടശേഖരസമിതിക്ക് പെട്ടിയും പറയും റെയ്ഡ്കോയിൽ നിന്നും വാങ്ങി വിതരണം നടത്തിയിട്ടുള്ളത്.

എന്നാൽ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പരിശോധന റിപ്പോർട്ടും പെട്ടിയും പറയും സ്ഥാപിച്ചിട്ടുള്ളതിന്റെ വിവരങ്ങളും ഫയലിൽ ലഭ്യമല്ല. രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/22.08.23) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 783500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-20 ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ സബ്സിഡി തുക ലഭിച്ചില്ല

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | : | S0048/23 |
| പ്രോജക്റ്റിന്റെ പേര് | : | പച്ചക്കറി കൃഷി കൂലി ചെലവ് സബ്സിഡി – വനിത |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| അടങ്കൽ തുക | : | ₹1070000/- (വികസന ഫണ്ട്) |
| ചെലവ് തുക | : | ₹336000/- |
| | | BRN-22060163015701523295-20000/- 28.03.2023<br>BRN-22060163015701382404-64000/- 17.03.2023<br>BRN-22060163015701382394-64000/- 17.03.2023<br>BRN-22060163015701525529-84000/- 28.03.2023<br>BRN-22060163015701411872-8000/- 20.03.2023 |

| | |
|---|---|
| | BRN-22060163015701513971-32000/- 28.03.2023<br>BRN-22060163015701363074-64000/- 17.03.2023 |

ബ്ലോക്ക് പഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം, പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി എന്ന പ്രോജക്ട് പ്രകാരം സബ്സിഡിയിനത്തിൽ ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് തുക നല്കുന്നതിനായി ട്രഷറിയിൽ ബിൽ നല്കി. എന്നാൽ ട്രഷറിയിൽ നിന്നുള്ള ബിൽ റഫറൻസ് നമ്പർ വെബ് സാംഖ്യ വഴി പരിശോധിച്ചതിൽ ചില ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് തുക ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ബിൽ റഫറൻസ് നമ്പർ | തുക |
|---|---|---|---|
| 1 | ഹരിതശ്രീ ജെ.എൽ.ജി. | 22060163015701523295 | 4000 |
| 2 | പൊൻകതിർ ജെ.എൽ.ജി. | | 4000 |
| 3 | സമൃദ്ധി ജെ.എൽ.ജി. | | 4000 |
| 4. | ശ്രീപാദം ജെ.എൽ.ജി. | | 4000 |
| 5 | ശ്രീവിനായക ജെ.എൽ.ജി. | | 4000 |
| 6 | പൌർണ്ണമി ജെ.എൽ.ജി. | 22060163015701382404 | 4000 |
| 7 | വസന്തം ജെ.എൽ.ജി | 22060163015701382394 | 4000 |
| 8 | ലക്ഷ്മി ജെ.എൽ.ജി | 22060163015701525529 | 4000 |
| 9 | നവദളം ജെ.എൽ.ജി | 22060163015701525529 | 4000 |
| 10 | പൊലിമ ജെ.എൽ.ജി | 22060163015701525529 | 4000 |
| 11 | സന്താനം ജെ.എൽ.ജി | 22060163015701525529 | 4000 |
| 12 | ശ്രീഹരി ജെ.എൽ.ജി | 22060163015701525529 | 4000 |
| | ആകെ | | 48000 |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/22.08.23) മറുപടി ലഭ്യമാക്കിയില്ല. സബ്സിഡി തുക ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ലഭിക്കാനാവശ്യമായ നടപടി സ്വീകരിച്ച് വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-21 ബയോമെടിക് പഞ്ചിംഗ് മെഷീൻ-സുലേഖ ചെലവ് പത്രികയിൽ ചെലവ് ഉൾപ്പെട്ടില്ല

ആര്യാട് ബ്ലോക്ക് പഞ്ചായത്തിൽ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ബയോമെടിക് പഞ്ചിംഗ് മെഷീൻ (പ്രോജക്ട് നം.S0102/23) എന്ന പദ്ധതിയിൽ 2022-23-ൽ 26877/-രൂപ തനത് ഫണ്ടിൽ നിന്നും ചെലവ് ചെയ്തിട്ടുണ്ട് (ചെക്ക് നം.XY-6206615 തീയതി 21.03.2023). എന്നാൽ ഈ തുക 2022-23 – ലെ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വജ്രജൂബിലി ഫെലോഷിപ്പ് (പ്രോജക്ട് നം.S0082/23) എന്ന പദ്ധതിയിൽ 2022-23-ൽ 45000/-രൂപ തനത് ഫണ്ടിൽ നിന്നും ചെലവ് വന്നിട്ടുണ്ട് (ചെക്ക് നം.XY-6206621 തീയതി 28.03.2023). എന്നാൽ ഈ തുക 2022-23 സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

ഇതു കൂടാതെ മെഡിക്കൽ ഓഫീസർ ആർ.എച്ച്.റ്റി.സി. ചെട്ടികാട് നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ആർദ്രമീ ആര്യാട് സമഗ്ര ആരോഗ്യ പരിപാടി (പ്രോജക്ട് നം.S0063/23) എന്ന പ്രോജക്ടിൽ ആകെ 17000000/-രൂപയുടെ ചെലവുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രികയിൽ 1600000/-രൂപയുടെ ചെലവുകൾ മാത്രമാണ് ഉൾപ്പെട്ടിരിക്കുന്നത്. മുഹമ്മ ഗ്രാമ പഞ്ചായത്തിൽ നിന്നുള്ള ഗ്രാമ പഞ്ചായത്ത് വിഹിതമാണ് പദ്ധതി ചെലവ് പത്രികയിൽ ഉൾപ്പെടാതിരുന്നതെന്ന് മെഡിക്കൽ

ഓഫീസർ അറിയിച്ചു.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15 തീയതി 22.08.2023) സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല. മേൽ പദ്ധതികളുടെ ചെലവുകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്താതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതും ഭാവിയിൽ ഇപ്രകാരമുള്ള ന്യൂനതകൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-22 യഥാസമയം കരാർ ചമയ്ക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയില്ല

ജി.ഒ(പി)13/2012/പി.ഡബ്ല്യു.ഡി/തീയതി 1.2.2012 നമ്പർ ഉത്തരവ് പ്രകാരം 2012 ൽ പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009 (6) പ്രകാരം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ (സെലക്ഷൻ നോട്ടീസ് നൽകി 14 ദിവസത്തിനുള്ളിൽ) കരാറിൽ ഏർപ്പെടാത്ത കരാറുകാരിൽ നിന്നും കരാർ തുകയുടെ 1% (മിനിമം - 1000/-, മാക്സിമം – 25000/-) പിഴയായി ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള കാട്ടുകട ഹരിജൻ കോളനി റോഡ് ടാറിംഗ് – മുഹമ്മ ഗ്രാമ പഞ്ചായത്ത്, S0036/22 എന്ന പ്രവൃത്തിയുടെ കരാറുകാരൻ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കരാർ ചമയ്ക്കാതിരുന്നിട്ടും പിഴ ഈടാക്കിയിട്ടില്ലാത്തതുമൂലം 11495 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദവിവരം ഖണ്ഡിക2 -1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-23 കുറുവൻപറമ്പ് കൊച്ചനാകുളങ്ങര കാന നിർമ്മാണം - കാലതാമസത്തിന് കോമ്പൻസേഷൻ ഈടാക്കിയില്ല

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | S0045/22 |
| നിർവ്വഹണ ഉദ്യോഗസ്ഥ | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | : | അർജ്ജുൻ.ടി.എ |
| എം.ബുക്ക് | : | 3/21-22 |
| എഗ്രീഡ് പിഎസി | : | 889601/- |
| പ്രവൃത്തി മൂല്യം | : | 995458/- |
| ബിൽ നം. | : | 2/11.7.22 |

11.10.2021 ൽ കരാർ ചമച്ച മേൽ പ്രവൃത്തിയുടെ പൂർത്തീകരണത്തിന് 6 മാസത്തെ കാലാവധിയാണ് നൽകിയിരുന്നത്. ഇതനുസരിച്ച് 10.04.2022 നുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 22.06.2022 ലാണ്. പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിനുള്ള കോമ്പൻസേഷൻ ഈടാക്കാത്തതു മൂലം 8896/- രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. വിശദ വിവരം ഖണ്ഡിക 3-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-24 സ്മാർട്ട് അങ്കണവാടി നിർമ്മാണം - യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമായില്ല

പ്രോജക്ട് നമ്പർ – S0101/23

പ്രോജക്ടിന്റെ പേര് – സ്മാർട്ട് അങ്കണവാടി നിർമാണം – ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നല്കൽ

നിർവഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

അടങ്കൽ – 1000000/-രൂപ (വികസന ഫണ്ട്-ജനറൽ)

ചെലവ് - 1000000/-രൂപ

(1.ബിൽ റെഫറൻസ് നം.22060163014700446448 തീയതി 23.08.2022)

സ്മാർട്ട് അങ്കണവാടി നിർമ്മാണത്തിനായി മേൽ ബിൽ പ്രകാരം 1000000/- രൂപ മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതി പൂർത്തീകരിച്ച് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10 തീയതി 22.08.2023) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 1000000/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. ഗ്രാമ പഞ്ചായത്തിൽ നിന്നുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഓഡിറ്റിൽ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-25 എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി- നിർമ്മാണം പൂർത്തീകരിച്ചില്ല

പ്രോജക്ട് നമ്പർ – S0053/23

പ്രോജക്ടിന്റെ പേര് – എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി

അടങ്കൽ – 23,70,000/- (വികസന ഫണ്ട്-എസ് സി പി)

ചെലവ് -11,25,000/-

(1.ബിൽ നം.14 തീയതി 15.01.2023- 150000/-രൂപ

2.ബിൽ നം.18 തീയതി 13.02.2023- 200000/-രൂപ

3.ബിൽ നം.20 തീയതി 24.02.2023- 100000/-രൂപ

4.ബിൽ നം.23 തീയതി 21.03.2023- 600000/-രൂപ

5.ബിൽ നം.29 തീയതി 31.03.2023- 75000/-രൂപ)

പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയ മേൽ പ്രോജക്ടിൽ 12 ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മാണത്തിനായി തുക അനുവദിച്ചിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ തുക കൈപ്പറ്റിയ ഗുണഭോക്താക്കളാരും തന്നെ പഠനമുറി നിർമാണം പൂർത്തിയാക്കിയിട്ടില്ല.

| ഗുണഭോക്താവിന്റെ പേര്/വിലാസം | ഗ്രാമ പഞ്ചായത്ത് | ആകെ കൈപ്പറ്റിയ തുക |
|---|---|---|
| അണിമ /പുരുഷൻ, മഠത്തിവെളി | മുഹമ്മ | 50000/- |
| അഭിമന്യു/സുദേശൻ പുത്തൻപുരയ്ക്കൽ | മാരാരിക്കുളം തെക്ക് | 50000/- |
| ഭാഗ്യലക്ഷ്മി/അശോകൻ.ഇ.എസ്, കുത്തക്കരവെളി | മാരാരിക്കുളം തെക്ക് | 50000/- |
| നീരജ് ദാസ്/സുധർമ്മ.കെ.എൻ, വേലിയ്ക്കകത്ത് | മാരാരിക്കുളം തെക്ക് | 125000/- |
| അമിത് മാധവ്/ജയദേവൻ, ദേവസ്വംവെളി | മാരാരിക്കുളം തെക്ക് | 125000/- |
| ഗൌരിനന്ദ.ആർ/രാജേന്ദ്രൻ, മറ്റത്തിൽ വെളി | മണ്ണഞ്ചേരി | 125000/- |
| അർണവ്/മധുക്കുട്ടൻ, പടക്കണ്ടത്തിൽ | മുഹമ്മ | 50000/- |
| ദേവിക കൃഷ്ണ/ആഷൽ.ഡി.റ്റി, തകിടിവെളി | മണ്ണഞ്ചേരി | 50000/- |
| യദുകൃഷ്ണൻ/യശോധരൻ, പള്ളിപ്പറമ്പിൽ | മാരാരിക്കുളം തെക്ക് | 125000/- |
| ശ്രീഹരി.എസ്/അനീഷമോൾ, കളത്തിത്തറ | മണ്ണഞ്ചേരി | 125000/- |
| അതുല്യ രാജ്/സിന്ധു.കെ.കെ, കതിരക്കാട്ടുവെളി | മണ്ണഞ്ചേരി | 125000/- |
| അനിൽ കൃഷ്ണ/ഉത്തമൻ.പി.ആർ | മുഹമ്മ | 125000/- |

| | | |
|---|---|---|
| ആകെ | | 1125000 |

മേൽ ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ കാരണം അറിയിക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11 തീയതി 22.08.2023) മറുപടി ലഭ്യമാക്കിയില്ല. പഠനമുറി നിർമ്മാണം പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ച് വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-26 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ -പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായില്ല

ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലെ മണ്ണഞ്ചേരി, മുഹമ്മ ഗ്രാമ പഞ്ചായത്തുകളിലെ വിവിധ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പ്രവർത്തികൾക്കായി താഴെചേർക്കും പ്രകാരം ആകെ 4033000/- രൂപ വാട്ടർ അതോറിറ്റിയിലേയ്ക്ക് നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവർത്തികൾ നിർവഹിച്ച് പൂർത്തീകരണ സാക്ഷ്യപത്രം നാളിതുവരെയായും ലഭ്യമാക്കിയിട്ടില്ല.

1.പ്രോജക്ട് നം .- S0013/23

പ്രോജക്ടിന്റെ പേര് – മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിലെ വിവിധ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തികൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

അടങ്കൽ – 3353400/- (ധനകാര്യ കമ്മീഷൻ അവാർഡ്)

– 259600/- (തനത് ഫണ്ട്)

ചെലവ് - 3613000/-

(1.ചെക്ക് നം.XY-6205644 തീയതി 26.11.2022 - 259600/-

2.വൌച്ചർ നം.XVFC/2022-23/P/5 തീയതി 24.11.2022 - 3353400/-)

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിലെ വിവിധ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തികൾക്കായി ആകെ 3613000/- രൂപ മേൽ പ്രകാരം വാട്ടർ അതോറിറ്റിയിലേയ്ക്ക് നിക്ഷേപിച്ചിട്ടുണ്ട്.

2.പ്രോജക്ട് നം .-S0013/23

പ്രോജക്ടിന്റെ പേര് – മുഹമ്മ ഗ്രാമ പഞ്ചായത്തിലെ വിവിധ പൈപ്പ് ലൈൻ പ്രവൃത്തികൾ

നിർവഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

അടങ്കൽ – 420000/- (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് - 420000/-

(1.വൌച്ചർ നം.XVFC/2022-23/P/7 തീയതി 03.12.2022)

മുഹമ്മ ഗ്രാമ പഞ്ചായത്തിലെ വിവിധ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തികൾക്കായി ആകെ 420000/- രൂപ മേൽ പ്രകാരം വാട്ടർ അതോറിറ്റിയിലേയ്ക്ക് നിക്ഷേപിച്ചിട്ടുണ്ട്.

പ്രവൃത്തികൾ നിർവ്വഹിച്ച് പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10 തീയതി 22.08.2023) മറുപടി ലഭ്യമാക്കിയില്ല.രേഖകൾ ഹാജരാക്കാത്തതിനാൽ 4033000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-27 തുല്യത പഠിതാക്കൾക്ക് ഫീസ് - ചെലവ് രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നമ്പർ – S0071/23

പ്രോജക്ടിന്റെ പേര് – തുല്യത പഠിതാക്കൾക്ക് ഫീസ്

നിർവഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

അടങ്കൽ – 252300/- (വികസന ഫണ്ട്-ജനറൽ)

ചെലവ് - 252300/-

(1.ബിൽ റെഫറൻസ് നം.220601630147004464448 തീയതി 23.08.2022- 72650/-രൂപ

2.ബിൽ റെഫറൻസ് നം.2206016301470045198l തീയതി 24.08.2022- 126550/-രൂപ

3.ബിൽ റെഫറൻസ് നം.22060163014700817338 തീയതി 25.11.2022- 53100/-രൂപ)

ആര്യാട് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തുല്യത പഠിതാക്കൾക്കുള്ള ഫീസ് ഇനത്തിൽ ആകെ 252300/- രൂപ 2022-23 വർഷം സാക്ഷരത മിഷനിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നല്കിയിട്ടുണ്ട്. ഇതിൽ 72650/- രൂപയുടെ കൈപ്പറ്റ് രസീത് മാത്രമാണ് ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. അവശേഷിക്കുന്ന തുകയ്ക്കുള്ള (179650/-) കൈപ്പറ്റ് രസീത് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10 തീയതി 22.08.2023) മറുപടി ലഭ്യമാക്കിയില്ല. കൈപ്പറ്റ് രസീത് പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ 179650/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-28 ബയോമെടിക് പഞ്ചിംഗ് മെഷീൻ- കെൽട്രോണിൽ നിന്നും ലഭ്യമായില്ല

പ്രോജക്ട് നമ്പർ – S0102/23

പ്രോജക്ടിന്റെ പേര് – ബയോമെടിക് പഞ്ചിംഗ് മെഷീൻ

നിർവഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

അടങ്കൽ – 1,00,000/-(തനത് ഫണ്ട്)

ചെലവ് – 26877/-

(1.ചെക്ക് നം.XY-6206615 തീ.21.03.2023- 26877/-)

ബ്ലോക്ക് പഞ്ചായത്തിൽ ആധാർ അധിഷ്ഠിത ബയോമെടിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് പഞ്ചിംഗ് മെഷീൻ വാങ്ങുന്നതിനായി മേൽ ചെക്ക് പ്രകാരം 26877/- കെൽട്രോണിന് കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായും പ്രസ്തുത മെഷീൻ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10 തീയതി 22.08.2023) മറുപടി ലഭ്യമാക്കിയില്ല. പഞ്ചിംഗ് മെഷീൻ ലഭ്യമാകാത്തതിനാൽ ഈയിനത്തിൽ നടത്തിയ 26877/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

1-29 മരുന്നുകൾ പൂർണമായും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ ആർ.എച്ച്.റ്റി.സി ചെട്ടികാട് നിർവഹണം നടത്തിയ താഴെ ചേർക്കുന്ന പ്രോജക്ടുകളിൽ മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് തുക കൈമാറിയെങ്കിലും മരുന്നുകൾ പൂർണമായും ലഭ്യമായില്ല.

1.ആർദ്രമീ ആര്യാട് സമഗ്ര ആരോഗ്യ പരിപാടി

പ്രോജക്ട് നം. -S0063/23

നിർവഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, ആർ.എച്ച്.റ്റി.സി ചെട്ടികാട്

വകയിരുത്തൽ

വികസന ഫണ്ട് -1000000/-

മറ്റ് ഗ്രാമ പഞ്ചായത്ത് വിഹിതം - 800000/-

മറ്റുള്ളവ - 5000000/-

ആകെ - 6800000/-

ചെലവ് - 1600000/-രൂപ

(1.ബിൽ റെഫറൻസ് നം.2206016306000913609 തീയതി 15.12.2022- 200000/-രൂപ

2. ബിൽ റെഫറൻസ് നം.22060163016001003704 തീയതി 06.01.2023- 200000/-രൂപ

3. ബിൽ റെഫറൻസ് നം.22060163016001076298 തീയതി 21.01.2023- 1000000/-രൂപ

4. ബിൽ റെഫറൻസ് നം.22060163016001220577 തീയതി 21.02.2023- 27110/-രൂപ

5. ബിൽ റെഫറൻസ് നം.22060163014901526080 തീയതി 28.03.2023- 78020/-രൂപ

6. ബിൽ റെഫറൻസ് നം.22060163014901525187 തീയതി 28.03.2023- 94870/-രൂപ)

ആർദ്രമീ ആര്യാട് സമഗ്ര ആരോഗ്യ പരിപാടിയിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനായി മേൽ ക്രമ നം.3, 5 ബില്ലുകൾ പ്രകാരം ആകെ 1078020/-രൂപ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. ഇതിൽ 695758/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. 382262/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല.

2.സെക്കന്ററി പാലിയേറ്റീവ് കെയർ പദ്ധതി

പ്രോജക്ട് നമ്പർ – S0018/2023

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, ആർ.എച്ച്.റ്റി.സി., ചെട്ടികാട്

അടങ്കൽ - 1500000/-(വികസന ഫണ്ട് )

ചെലവ് - 1498155/-രൂപ

1.ബിൽ റഫറൻസ് നം.22060163014901100502 തീയതി 28.01.2023- 693649/-രൂപ

2. ബിൽ റഫറൻസ് നം.22060163014901130385 തീയതി 03.02.2023- 135844/-രൂപ

സെക്കന്ററി പാലിയേറ്റീവ് കെയർ പദ്ധതിയിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനായി താഴെചേർക്കുന്ന ബില്ലുകൾ പ്രകാരം ആകെ 829493/-രൂപ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. ഇതിൽ 374918/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. 454575/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12 തീയതി 22.08.2023) മറുപടി ലഭ്യമാക്കിയില്ല. കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-30 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് ദൈനംദിന ചെലവുകൾ – തെറ്റായി ക്രെഡിറ്റ് ചെയ്ത തുകയുടെ തിരിച്ചടവ് വിവരം ലഭ്യമാക്കിയില്ല

പ്രോജക്ട് നം. S0044/23 പ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് ദൈനംദിന ചെലവുകൾക്കായി 49354/- രൂപാ ചെലവഴിച്ചിട്ടുണ്ട് (19378/- തീയതി 24.11.22, 29976/- തീയതി 23.03.23). ദൈനം ദിന ഓഫീസ് ചെലവുകൾ സ്വന്തം കൈയ്യിൽ നിന്നും പണം മുടക്കി ചെയ്തിട്ടുള്ളതിനാൽ ടി തുക സ്വന്തം അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനായാണ് ബിൽ തയ്യാറാക്കിയിരുന്നതെങ്കിലും അക്കൗണ്ട് നമ്പർ രേഖപ്പെടുത്തിയതിലെ അപാകം മൂലം തുക അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രെഡിറ്റായത്. പ്രസ്തുത തുക തിരികെ ലഭിച്ചതിന്റെ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 16/22.08.23) മറുപടി ലഭ്യമാക്കിയില്ല. തെറ്റായ അക്കൗണ്ടിലേയ്ക്ക് പോയ തുക തിരികെ ലഭ്യമാകാത്ത സാഹചര്യത്തിൽ 49354/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 യഥാസമയം കരാർ ചമയ്ക്കാതിരുന്ന കാരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല

ജി.ഒ(പി)13/2012/പി.ഡബ്ല്യൂ.ഡി/തീയതി 1.2.2012 നമ്പർ ഉത്തരവ് പ്രകാരം 2012 ൽ പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009 (6) പ്രകാരം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ (സെലക്ഷൻ നോട്ടീസ് നൽകി 14 ദിവസത്തിനുള്ളിൽ) കരാറിൽ ഏർപ്പെടാത്ത കരാറുകാരിൽ നിന്നും കരാർ തുകയുടെ 1% (മിനിമം - 1000/-, മാക്സിമം -25000/-) പിഴയായി ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള താഴെ ചേർക്കുന്ന പ്രവൃത്തിയുടെ കരാറുകാരൻ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കരാർ ചമയ്ക്കാതിരുന്നിട്ടും പിഴ ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | : S0036/22 |
| പ്രോജക്ടിന്റെ പേര് | : കാട്ടുകട ഹരിജൻ കോളനി റോഡ് ടാറിംഗ് - മുഹമ്മ ഗ്രാമ പഞ്ചായത്ത് |
| നിർവ്വഹണ ഉദ്യോഗസ്ഥ | : അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | : ബൈജു.കെ.കെ |
| എം.ബുക്ക് | : 01/21-22 |
| എഗ്രീഡ് പിഎസി | : 1149466/- |
| പ്രവൃത്തി മൂല്യം | : 1287017/- |
| ബിൽ നം. | : 1/14.6.22 |

പ്രസ്തുത പ്രവൃത്തിയുടെ കരാറുകാരന് പ്രവൃത്തി നിർവ്വഹണത്തിനായി സെലക്ഷൻ നോട്ടീസ് നൽകിയിട്ടുള്ളത് 28.9.2021 ലാണ്. നിയമ പ്രകാരം പിഴ കൂടാതെ കരാർ ചമയ്ക്കുന്നതിനുള്ള അവസാന തീയതി 12.10.2021 ആണ്. എന്നാൽ ഇവിടെ കരാർ ചമച്ചിട്ടുള്ളത് 18.10.2021 ലാണ്. കരാർ ചമയ്ക്കുന്നതിലുണ്ടായ കാലതാമസത്തിന് കരാറുകാരനിൽ നിന്നും പിഴ ഇനത്തിൽ 11495/- രൂപ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. (ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.5/21.8.23 ന് മറുപടി ലഭ്യമാക്കിയില്ല.)

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കളമ്പ് കാട് മടയാൻതോട് കാന നിർമ്മാണം, ആര്യാട് ഗ്രാമ പഞ്ചായത്ത് - കരാറുകാരന് അധിക തുക നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ | : S0090/22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| കരാറുകാരൻ | : പ്രദീപ്.വി |
| എം.ബുക്ക് | : 6/21-22 |
| എഗ്രീഡ് പിഎസി | : 1968044/- |
| പ്രവൃത്തി മൂല്യം | : 2258673/- |
| ബിൽ നം. | : 19.11.22 (അക്കൗണ്ട് ട്രാൻസ്ഫർ) - 1007206/- |

ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിലുൾപ്പെട്ട് പ്രസ്തുത പദ്ധതി സ്പിൽ ഓവറായി 2022-23 വർഷത്തിലാണ് പൂർത്തിയാക്കിയിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ ഫൈനൽ ബിൽ (3rd & Final

Bill) തയ്യാറാക്കിയത് പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇന വിവരം | തുക |
|---|---|
| പ്രവൃത്തി മൂല്യം | 853564 |
| (+) ജി.എസ്.ടി 18% | 153642 |
| ആകെ | 1007206 |
| (-) IT | 8536 |
| KCWF | 8536 |
| CGST | 8536 |
| SGST | 8536 |
| കരാറുകാരന് നൽകാവുന്നത് | 973062 |

എന്നാൽ ജി.എസ്.ടി ഇനത്തിലുള്ള 17072/- രൂപയും സഹിതം 990134/- രൂപയാണ് കരാറുകാരന് ട്രാൻസ്ഫർ ചെയ്ത് നൽകിയത് (സി.എഫ്.സി ഫണ്ട് - യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, 19.11.22 CPSMS – R112202884195 - Rs. 990134/-). ജി.എസ്.ടി ഇനത്തിലുള്ള 17072/- രൂപയും, ആദായ നികുതി ഇനത്തിലുള്ള 8536/- രൂപയും സഹിതം 25608/- രൂപ 27.2.2023 ൽ പ്രസ്തുത അക്കൗണ്ടിൽ നിന്നും പിൻവലിച്ച് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്ക് നൽകുകയും അതതു അക്കൌണ്ടുകളിൽ ക്രഡിറ്റു ചെയ്യുകയും ചെയ്തിട്ടുണ്ട്.
കരാറുകാരന് ജി.എസ്.റ്റി ഉൾപ്പെടെയുള്ള തുക നല്കിയതു മൂലം 17072/- രൂപയുടെ അധിക ചെലവുണ്ടായി. അധികം നൽകിയ തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കിയിട്ടുള്ള പക്ഷം ആയതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.6/21.08.2023) നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയില്ല. കരാറുകാരന് അധികമായി നല്കിയ 17072/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. 17072/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

*പ്രവൃത്തി നിർവ്വഹണത്തിൽ കാല താമസം*

9.02.2022-ൽ കരാർ ചമച്ച ടി പ്രവൃത്തിയുടെ പൂർത്തീകരണത്തിന് 6 മാസത്തെ കാലാവധിയാണ് നൽകിയിരുന്നത്. ഇതനുസരിച്ച് 8.8.2022 നുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 5.11.2022 ലാണ്. ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 29.4.2022 ലെ തീരുമാനം (2) പ്രകാരം നിർമ്മാണ പ്രവൃത്തികളുടെ അളവുകളിൽ മാറ്റം വരുത്തേണ്ടതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പ്രവൃത്തി പൂർത്തീകരിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥയെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് 5.11.2022 ലാണ്. പ്രസ്തുത തീയതിയിൽ തന്നെ പ്രവൃത്തി പൂർത്തീകരിച്ചതായും എം.ബുക്കിലെ രേഖപ്പെടുത്തലുകളിൽ നിന്നും വ്യക്തമാകുന്നു. ഇത്തരത്തിൽ RE തയ്യാറാക്കുവാൻ കാലതാമസം ഉണ്ടായിട്ടുള്ളതിനും, RE തയ്യാറാക്കുന്നതിന് മുമ്പ് തന്നെ പ്രവൃത്തി എപ്രകാരം പൂർത്തീകരിച്ചു എന്നതിനും വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും വിശദീകരണം ലഭ്യമാക്കിയില്ല. വിഷയത്തിൽ ഭരണവകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 കുറുവൻപറമ്പ് കൊച്ചനാകുളങ്ങര കാന നിർമ്മാണം – കാലതാമസത്തിന് കോമ്പൻസേഷൻ ഈടാക്കിയില്ല

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | : | S0045/22 |
| നിർവ്വഹണ ഉദ്യോഗസ്ഥ | : | അസിസ്റ്റന്റ് എഞ്ചിനീയർ |

| | | |
|---|---|---|
| കരാറുകാരൻ | : | അർജ്ജുൻ.ടി.എ |
| എം.ബുക്ക് | : | 3/21-22 |
| എഗ്രീഡ് പിഎസി | : | 889601/- |
| പ്രവൃത്തി മൂല്യം | : | 995458/- |
| ബിൽ നം. | : | 2/11.7.22 |

11.10.2021-ൽ കരാർ ചമച്ച ടി പ്രവൃത്തിയുടെ പൂർത്തീകരണത്തിന് 6 മാസത്തെ കാലാവധിയാണ് നൽകിയിരുന്നത്. ഇതനുസരിച്ച് 10.04.2022 നള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 22.06.2022 – ലാണ്.

സൈറ്റിൽ നിന്നിരുന്ന പുന്നമരം വെട്ടി ലേലം ചെയ്യാൻ താമസം നേരിട്ടതിനാലാണ് പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം നേരിട്ടതെന്നുള്ള കരാറുകാരന്റെ കത്ത് ഫയലിൽ കാണുന്നു. എന്നാൽ ഇത് സംബന്ധിച്ചുള്ള അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട്, പഞ്ചായത്ത് കമ്മിറ്റി തീരുമാനം എന്നിവ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. കരാറുകാരന് പ്രവൃത്തി പൂർത്തീകരണ കാലയളവ് നിയമാനുസൃതം ദീർഘിപ്പിച്ച് നൽകിയിട്ടുമില്ല. പ്രസ്തുത സാഹചര്യത്തിൽ പി.ഡബ്ല്യൂ.ഡി മാന്വൽ - സെക്ഷൻ 2116.1 പ്രകാരം യഥാർത്ഥ / ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധികകാലത്തിന് പ്രതിവാരം PAC യുടെ 0.1% നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷൻ ഈടാക്കേണ്ടതാണ്. ഇതനുസരിച്ച് ഈ പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും താഴെചേർക്കും പ്രകാരം കോമ്പൻസേഷൻ ഈടാക്കേണ്ടിയിരുന്നു.

പ്രവൃത്തി പൂർത്തീകരണത്തിലുണ്ടായ കാലതാമസം = 73 ദിവസം (10 ആഴ്ച)

ഈടാക്കേണ്ടിയിരുന്ന കോമ്പൻസേഷൻ = 889601 X 0.1% X 10 = 8896/-

എന്നാൽ ഇവിടെ കോമ്പൻസേഷൻ ഈടാക്കാതെയാണ് ഫൈനൽ ബിൽ നല്കിയത്. തന്മൂലം 8896/- രൂപയുടെ അധിക ചെലവുണ്ടായി. ഈ അധിക ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 5/21.08.23) മറുപടി ലഭ്യമാക്കിയില്ല. കോമ്പൻസേഷൻ ഈടാക്കാതിരുന്നതു മൂലം കരാറുകാരന് അധികമായി നല്കിയ 8896/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-3 വിൻഡോ പരസ്യം - സർക്കാർ നിർദ്ദേശം പാലിക്കാത്തത് മൂലം അധിക ചെലവ്

സ.ഉ(അ)/01/04/ഐ.ആൻഡ്.പി.ആർ തീയതി 01-01-2004 ഉത്തരവിലൂടെ വിൻഡോ മാതൃകയിൽ നൽകുന്ന പരസ്യങ്ങൾ (8cmx3cm)=24cm$^2$ വലിപ്പത്തിൽ ആയിരിക്കണം എന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ബ്ലോക്ക്പഞ്ചായത്ത് താഴെചേർക്കുന്ന ദിനപത്രത്തിൽ നൽകിയ പരസ്യം "വിൻഡോ" രൂപത്തിൽ ആണെങ്കിലും നിർദ്ദിഷ്ട വലുപ്പത്തിൽ കൂടുതലുള്ളവയായിരുന്നു.

| ദിനപ്പത്രം | പരസ്യം നൽകിയ തീയതി | പരസ്യത്തിന്റെ വലിപ്പം(സെ.മീ സ്ക്വയറിൽ) | അനുവദിച്ച തുക | 3x8cm2 വലിപ്പത്തിൽ വിൻഡോ പരസ്യത്തിന് അനുവദിക്കാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കേരള കൌമുദി | 30-7-2022 | 8x5 | 7640 @191/cm2 +GST | 4584 @191/cm2 +GST | 3056 + 5% GST = 3209/- |

പത്ര പരസ്യം നൽകിയപ്പോൾ പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടില്ല എന്നത് കാരണം പരസ്യം പ്രസിദ്ധീകരിച്ച ഇനത്തിൽ 3209രൂപയുടെ അധികച്ചെലവുണ്ടായി. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/21.08.23) മറുപടി ലഭ്യമാക്കിയില്ല. ടി ഇനത്തിൽ ഉണ്ടായ അധിക ചെലവ് 3209രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 സർക്കാർ എയ്ഡഡ് സ്കൂളുകളിൽ കളക്ടേഴ്സ് അറ്റ് സ്കൂൾ - അധിക തുക നല്കി

പ്രോജക്ട് നമ്പർ – S0027/23

പ്രോജക്ടിന്റെ പേര് – സർക്കാർ എയ്ഡഡ് സ്കൂളുകളിൽ കളക്ടേഴ്സ് അറ്റ് സ്കൂൾ

നിർവഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

അടങ്കൽ – രൂ. 400000/- (വികസന ഫണ്ട്-ജനറൽ)

ചെലവ് - രൂ. 308448/-

(1.ചെക്ക് നം.010624 തീയതി 23.05.2022)

സർക്കാർ എയ്ഡഡ് സ്കൂളുകളിൽ കളക്ടേഴ്സ് അറ്റ് സ്കൂൾ എന്ന പദ്ധതി പ്രകാരം സ്കൂളുകളിൽ വേസ്റ്റ് ബിന്നുകൾ സ്ഥാപിച്ചതിന് അഫ്സൽ മെറ്റൽസ് എന്ന സ്ഥാപനത്തിന് ആകെ 308448/- രൂപ നല്കിയിട്ടുണ്ട്. 32 ചെറിയ ബിന്നുകളും (3762/- രൂപ നിരക്കിൽ) 32 വലിയ ബിന്നുകളും (5877/- രൂപ നിരക്കിൽ) സ്ഥാപിച്ച് നല്കിയതിനാണ് ഈ തുക നല്കിയിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ വിതരണ രജിസ്റ്റർ പ്രകാരം ആകെ 60 ബിന്നുകൾ (വലുത് – 32, ചെറുത് – 28) മാത്രമാണ് സ്കൂളുകളിൽ സ്ഥാപിച്ചിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു.

| ക്രമ നം. | സ്കൂളിന്റെ പേര് | കൈപ്പറ്റിയ ബിന്നുകളുടെ എണ്ണം | | |
|---|---|---|---|---|
| | | വലുത് | ചെറുത് | ആകെ |
| 1 | ജി.യു.പി.എസ്, ആര്യാട് നോർത്ത് | 4 | - | 4 |
| 2 | ജി.യു.പി.എസ്, തമ്പകച്ചുവട് | - | 4 | 4 |
| 3 | ലൂതറൻ ഹയർ സെക്കണ്ടറി സ്കൂൾ, ആര്യാട് സൌത്ത് | 4 | - | 4 |
| 4 | ഗവ.വി.വി.എസ്.ഡി.എൽ.പി.എസ്, ആര്യാട് | 4 | - | 4 |
| 5 | എസ്.സി.എം.വി.ജി.യു.പി സ്കൂൾ, ചെട്ടികാട് | 4 | - | 4 |
| 6 | ജി.എച്ച്.എസ് മണ്ണഞ്ചേരി | 4 | - | 4 |
| 7 | പൊന്നാട് എൽ.പി.എസ് | - | 4 | 4 |
| 8 | ആസാദ് മെമ്മോറിയൽ എൽ.പി.എസ്, കായിപ്പുറം | - | 4 | 4 |
| 9 | സി.എം.എസ്.എൽ.പി.എസ്, കായിപ്പുറം | - | 4 | 4 |

| | | | | |
|---|---|---|---|---|
| 10 | എ.ബി വിലാസം ഹയർ സെക്കന്ററി സ്കൂൾ | 4 | - | 4 |
| 11 | വി.വി.എസ്.ഡി.യു.പി.എസ്, പാതിരപ്പള്ളി | 4 | - | 4 |
| 12 | കാവുങ്കൽ പഞ്ചായത്ത് എൽ,പി.സ്കൂൾ | - | 4 | 4 |
| 13 | കെ.പി.എം.യു.പി.എസ്, മുഹമ്മ | 4 | - | 4 |
| 14 | ഗവ.എൽ.പി.എസ് മുഹമ്മ | - | 4 | 4 |
| 15 | റ്റി.എം.പി.എൽ.പി.എസ്, കലവൂർ | - | 4 | 4 |
| | ആകെ | 32 | 28 | 60 |

ആകെ 60 ബിന്നുകൾ സ്ഥാപിച്ചതിന് 64 ബിന്നുകളുടെ വില നല്കിയതിന്റെ കാരണം അന്വേഷിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10 തീയതി 22.08.2023) മറുപടി ലഭ്യമാക്കിയില്ല. സ്കൂളുകളിൽ സ്ഥാപിക്കാത്ത 4 ബിന്നുകളുടെ വിലയിനത്തിൽ നല്കിയ 4x3762 = 15048/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2022-23 | 200000 | മുഹമ്മ സി എച്ച് സി സായാഹ്ന ഒ പി ഡോക്ടർക്ക് വേതനം | 200000 | |
| ഗ്രാമ പഞ്ചായത്ത് | 2022-23 | 980000 | പി എം എ വൈ ജനറൽ | 980000 | |
| ഗ്രാമ പഞ്ചായത്ത് | 2022-23 | 540000 | പി എം എ വൈ എസ് സി പി | 540000 | |
| ഗ്രാമ പഞ്ചായത്ത് | 2022-23 | 600000 | ആർദ്രമീ ആര്യാട് - സമഗ്ര ആരോഗ്യ പരിപാടി | 600000 | |
| ഗ്രാമ പഞ്ചായത്ത് | 2022-23 | 75000 | വയോജനസൌഹൃദക്കൂട്ടം | 75000 | |
| ആകെ | | | | 2395000 | |
| ജില്ലാ പഞ്ചായത്ത് | 2022-23 | | പി എം എ വൈ ജനറൽ | 1001000 | |
| ആകെ | | | | 1001000 | |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| KWA | മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിലെ വിവിധ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തികൾ | 160/ 25-11-2022 | 3353400.00 | 0 | 3353400.00 |
| KWA | മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിലെ വിവിധ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തികൾ | Voucher NO 22200541/01/05/2023 | 259600.00 | 0 | 259600.00 |
| KWA | മുഹമ്മ ഗ്രാമപഞ്ചായത്തിലെ വിവിധ പൈപ്പ് ലൈൻ പ്രവൃത്തികൾ | 184/ 12-12-2022 | 420000.00 | 0 | 420000.00 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

സ്ഥാപനത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | 2004-05 | 2.3 | തൊഴിൽ സംരംഭങ്ങൾ അടച്ചുപൂട്ടി പദ്ധതി വിഹിതം നഷ്ടം-കയർ കോമൺ ഫെസിലിറ്റി സെന്റർ | വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനപ്രകാരം അസാപ്പിന്റെ കമ്മ്യൂണിറ്റി സ്കിൽ പാർക്ക് സ്ഥാപിക്കുന്നതിനായി |

| | | | | | |
|---|---|---|---|---|---|
| | | | | | ടി കെട്ടിടം ലേലം ചെയ്ത് പൊളിച്ച് നീക്കി ടി സ്ഥലത്ത് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് കെട്ടിടം നിർമ്മിച്ചിട്ടുള്ളതുമാണ്. |
| 2005-06 | 3.7 | 2008-09 | 3.5.10(A) | കുടുംബശ്രീ- വനിത എസ്.എച്ച്.ജി.കൾക്ക് തൊഴിൽ സംരംഭം തുടങ്ങുന്നതിനുള്ള ധനസഹായം | പ്രസ്തുത ഗ്രൂപ്പുകളിൽ പ്രവർത്തിച്ചിരുന്ന അംഗങ്ങൾ ഉപജീവനാർത്ഥം നിലവിൽ തൊഴിലുറപ്പ്/മറ്റ് തൊഴിൽ സംരംഭങ്ങളിൽ ജോലി ചെയ്ത് വരുന്നു. |
| 2005-06 | 3.6 | 2008-09 | 3.5.10(B) | എസ്.സി.സ്വയംസഹായ സംഘത്തിന് റിവോൾവിംഗ് ഫണ്ട് | പ്രസ്തുത ഗ്രൂപ്പുകളിൽ പ്രവർത്തിച്ചിരുന്ന അംഗങ്ങൾ ഉപജീവനാർത്ഥം നിലവിൽ തൊഴിലുറപ്പ്/മറ്റ് തൊഴിൽ സംരംഭങ്ങളിൽ ജോലി ചെയ്ത് വരുന്നു. |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 60272272 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 63080161 |
| വരവിനങ്ങളിലുള്ള നഷ്ടം | 11495 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 44225 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 10782031 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 2-1 | 11495 | | ശ്രീമതി ഗാഥാ വേണുഗോപാൽ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-1 | | 17072 | ശ്രീമതി ദിഷ മണിയൻ<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-2 | | 8896 | ശ്രീമതി ഗാഥാ വേണുഗോപാൽ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 3209 | ശ്രീ.രജിത്ത്.ആർ<br>സെക്രട്ടറി |
| 3-4 | | 15048 | ശ്രീ.രജിത്ത്.ആർ<br>സെക്രട്ടറി |
| ആകെ | 11495 | 44225 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 4035400 | ശ്രീ.രജിത്ത്.ആർ<br>സെക്രട്ടറി |
| 1-17 | 674250 | ശ്രീമതി ജൂലി ലൂക്ക്<br>അസിസ്റ്റന്റ്ഡയറക്ടർ ഓഫ് അഗ്രികൾച്ചർ |
| 1-19 | 783500 | ശ്രീമതി ജൂലി ലൂക്ക്<br>അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ |
| 1-24 | 1000000 | ശ്രീ.രജിത്ത്.ആർ<br>സെക്രട്ടറി |
| 1-26 | 4033000 | ശ്രീ.രജിത്ത്.ആർ<br>സെക്രട്ടറി |
| 1-27 | 179650 | ശ്രീ.രജിത്ത്.ആർ<br>സെക്രട്ടറി |
| 1-28 | 26877 | ശ്രീ.രജിത്ത്.ആർ<br>സെക്രട്ടറി |
| 1-30 | 49354 | ശ്രീമതി ദിഷ മണിയൻ<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | 10782031 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ഡോ.പ്രതിഭ.എം.ഡി,<br>മെഡിക്കൽ ഓഫീസർ,<br>ആർ.എച്ച്.ടി.സി ചെട്ടികാട് | RHTC, ചെട്ടികാട് | നന്ദനം, തോട്ടത്തിൽ<br>വെള്ളിമൺ പി.ഒ |
| രജിത്ത്.ആർ<br>സെക്രട്ടറി | സെക്രട്ടറി,<br>ആര്യാട് ബ്ലോക്ക്<br>പഞ്ചായത്ത് | മുണ്ടകൻചിറ,<br>തുക്കുന്നപ്പുഴ,<br>ആലപ്പുഴ |
| ജൂലി ലൂക്ക്<br>കൃഷി അസിസ്റ്റന്റ്ഡയറക്ടർ | കൃഷി അസിസ്റ്റന്റ്ഡയറക്ടർ,<br>ആര്യാട് ബ്ലോക്ക്<br>പഞ്ചായത്ത് | ജോയൽവില്ല,<br>മായിത്തറ പി.ഒ,<br>ചേർത്തല |
| ഡോ.ജയന്തി.സി<br>മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി.മുഹമ്മ | കരിപ്പാടപ്പള്ളി,<br>കുടവച്ചൂർ.പി.ഒ,<br>വൈക്കം |
| ബിനേഷ്.കെ<br>പട്ടികജാതി<br>വികസന ഓഫീസർ | പട്ടികജാതി വികസന<br>ഓഫീസർ,<br>ആര്യാട് ബ്ലോക്ക്<br>പഞ്ചായത്ത് | പുതുക്കിച്ചിറ,<br>പൊള്ളേത്തൈ. |
| ഷീല ദേവസ്യ<br>സി.ഡി.പി.ഒ | സി.ഡി.പി.ഒ,<br>ആര്യാട് ബ്ലോക്ക്<br>പഞ്ചായത്ത് | തെക്കേപാലയ്ക്കൽ,<br>പാതിരപ്പള്ളി. പി. ഒ |
| ദിഷ മണിയൻ<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ്<br>എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ്<br>എഞ്ചിനീയർ,<br>ആര്യാട് ബ്ലോക്ക്<br>പഞ്ചായത്ത് | മണിമംഗലം<br>TC 50/54(II),<br>മുദ്ര നഗർ,കാലടി<br>തിരുവനന്തപുരം. |
| ഗാഥാ വേണുഗോപാൽ<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>ആര്യാട് ബ്ലോക്ക്<br>പഞ്ചായത്ത് | രാജഭവൻ, ചാരമങ്കം,<br>മുഹമ്മ, ചേർത്തല |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ജിഎ5/ബി.പി.അദാലത്ത് 26(86)/14, തീയതി31.03.2014 |
| 1998-99 | എൽ.എഫ്.ജി.എ5-ബി.പി.അദാലത്ത്26(87)/14 തീയതി 31.03.2014 |
| 1999-00 | എൽ.എഫ്.ജി.എ5-ബി.പി.അദാലത്ത്26(88)/14 തീയതി.31.03.14 |
| 2000-01 | എൽ.എഫ്.എ.ബി.പി./അദാലത്ത്26(89)/14 തീയതി. 31.03.14 |
| 2001-02 | എൽ.എഫ്.എ.ബി.പി./അദാലത്ത് 26(90)/14 തീയതി. 31.03.14 |
| 2002-03 | എൽ.എഫ്.എ.ബി.പി./അദാലത്ത് 26(91)/14 തീയതി. 31.03.14 |
| 2003-04 | എൽ.എഫ്.എ.ബി.പി./അദാലത്ത് 26(92)/14 തീയതി. 31.03.14 |
| 2004-05 | എൽ.എഫ്.എ.ബി.പി./അദാലത്ത് 26(93)/14 തീയതി. 31.03.14 |
| 2005-06 | എൽ.എഫ്.എ. ജി.എ.5ബി.പി./അദാലത്ത്26(94)/14 തീയതി. 31.03.14 |
| 2006-07 | എൽ.എഫ്.എ. ജി.എ.5ബി.പി./അദാലത്ത്26(95)/14 തീയതി. 31.03.14 |
| 2007-08 | എൽ.എഫ്.എ. ജി.എ.5ബി.പി./അദാലത്ത്26(96)/14 തീയതി. 31.03.14 |
| 2008-09 | എൽ.എഫ്.എ. ജി.എ.5ബി.പി./അദാലത്ത്26(97)/14 തീയതി. 31.03.14 |
| 2009-10 | എൽ.എഫ്.എ. ജി.എ.5ബി.പി./അദാലത്ത്26(98)/14 തീയതി. 31.03.14 |
| 2010-11<br>& | എൽ.എഫ്.എ.ബി.പി 494/2013 തീയതി 23.10.13 |

| | |
|---|---|
| 2011-12 | |
| 2012-13 | എൽ.എഫ്.എ.ബി.പി.437/2015 തീയതി 10.06.15 |
| 2013-14 & 2014-15 | കെ.എസ്.എ/എ.എൽ.പി.ബി.പി/1571/2015 തീയതി 15.12.15 |
| 2015-16 | കെ.എസ്.എ/എ.എൽ.പി.ബി.പി/211/2017/തീയതി 13.03.17/22.03.17 |
| 2016-17 | കെ.എസ്.എ/എ.എൽ.പി.ബി.പി/1451/17 തീയതി 01.12.17 |
| 2017-18 | കെ.എസ്.എ/എ.എൽ.പി.ബി.പി/150/19 തീയതി 07.02.19 |
| 2018-19 | കെ.എസ്.എ/എ.എൽ.പി.ബി.പി.791/2019 തീയതി 16.09.2019 |
| 2019-20 | കെ.എസ്.എ/എ.എൽ.പി.ബി.പി./430/22 തീയതി 19.05.2022 |
| 2020-21 | കെ.എസ്.എ/എ.എൽ.പി.ബി.പി./431/22 തീയതി 07.07.22 |
| 2021-22 | കെ.എസ്.എ/എ.എൽ.പി.ബി.പി./18/2023 തീയതി 31.03.2023 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

# Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(4) dated 11-07-2023 and submitted on 16-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Aryad Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Aryad Block Panchayat for the year 2022-2023

Date: 08/11/2023

Senior Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Aryad Block Panchayat for the Year 2022-2023.

**1.Major Observations**

1.Non disclosure of Assets. The new vehicle purchased in the year 2022-23 has not been included as an asset.

**2.Other Observations**

1.The following mandatory financial statements prescribed in accounting rules are not submitted for audit
a).Ratios
b).Notes to accounts
2.Cash flow statement- Net increase /decrease in cash flow does not match with the difference between the opening balance and closing balance of cash and cash aquivalents.
3.The following registers does not match with accounts
a) Appropriation control Register- CFC Untied

4.Lapses in making timely and accurate demand entries in respect of tax and non tax revenue.

5.The following registers are not maintained

a).Advance register

b).Deposit Register

6.Payment voucher misclasification- Advance given to Kerala water authority does not booked in proper head of account.

7.Depreciation provided for Buildings is more than its book value.

8.Amount used for asset creation has not transferred to capital contribution and treated as revenue income.

Senior Deputy Director
Kerala State Audit Department
District Audit Office, Alappuzha

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്